# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1456 | 31.10.2019-ന് മറുപടിയ്ക്ക് |
|---|---|

**മാവേലിക്കര മിച്ചൽ ജംഗ്ഷൻ നവീകരണത്തിന് സ്ഥലമെടുക്കൽ**

| ചോദ്യം<br>ശ്രീ ആർ. രാജേഷ് | ഉത്തരം<br>ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
|---|---|

| | | | |
|---|---|---|---|
| (എ) | മാവേലിക്കര നിയോജകമണ്ഡലത്തിൽ മാവേലിക്കര വില്ലേജിൽ ഉൾപ്പെടുന്ന മിച്ചൽ ജംഗ്ഷൻ നവീകരണവുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) യും (ബി) യും | മാവേലിക്കര മിച്ചൽ ജംഗ്ഷൻ നവീകരണവുമായി ബന്ധപ്പെട്ട് ആലപ്പുഴ ജില്ലയിലെ മാവേലിക്കര വില്ലേജിലെ വിവിധ സർവെ നമ്പരുകളിൽപ്പെട്ട 38 ആർസ് സ്ഥലം എൽ.എ.ആർ.ആർ ആക്റ്റ്, 2013 മുഖേന ഏറ്റെടുക്കുന്നതിന് 17/04/2019-ലെ ജി.ഒ (ആർ.റ്റി) നം.1036/2019/റവ പ്രകാരം അനുമതി പുറപ്പെടുവിച്ചിട്ടുള്ളതാണ്.<br><br>സ്ഥലമേറ്റെടുക്കൽ നടപടികളുമായി ബന്ധപ്പെട്ട് ആലപ്പുഴ പൊന്നുംവില സ്പെഷ്യൽ തഹസീൽദാരെ 14/06/2019-ൽ ലാൻഡ് അക്വിസിഷൻ ഓഫീസറായി നിയമിച്ചിട്ടുള്ളതും ഭൂമി ഏറ്റെടുക്കലിന്റെ പ്രാരംഭ നടപടികളുടെ ഭാഗമായി സാമൂഹ്യ പ്രത്യാഘാതവിലയിരുത്തൽ പഠന യൂണിറ്റിനെ 09/10/2019-ൽ തെരഞ്ഞെടുത്ത് അധികാരപ്പെടുത്തി യിട്ടുള്ളതുമാണ്. അർത്ഥനാധികാരിയായ പൊതുമരാമത്ത് വകുപ്പ് കണ്ടിജൻസി ചാർജ്ജ് ലഭ്യമാക്കുന്ന മുറയ്ക്ക് എൽ.എ.ആർ.ആർ ആക്റ്റ്, 2013-ലെ മാനദണ്ഡങ്ങൾക്കനുസരിച്ച് സമയ ബന്ധിതമായി ഭൂമി ഏറ്റെടുക്കൽ നടപടികളുമായി മുന്നോട്ടുപോകുന്നതാണ്. |
| (ബി) | പ്രസ്തുത നവീകരണവുമായി ബന്ധപ്പെട്ട് സ്ഥലം ഏറ്റെടുക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ